**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2293** **12-02-2024 - ൽ മറുപടിയ്ക്ക്**

**ആശ പ്രവർത്തകരെ നിയോഗിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആശ പ്രവർത്തകരെ നിയോഗിച്ചത് ഏത് വർഷം മുതലാണ്; അന്ന് ഇവരുടെ ഓണറേറിയം എത്ര രൂപയായിരുന്നു; ഇപ്പോൾ സംസ്ഥാനത്ത് ഒട്ടാകെ എത്ര ആശ പ്രവർത്തകരാണുള്ളത്; | (എ) | 2007-ലാണ് കേരളത്തിൽ ആദ്യമായി ആശാ പ്രവർത്തകരെ നിയമിച്ചത്. 2011 ൽ ആണ് ആദ്യമായി ആശാ പ്രവർത്തകർക്ക് പ്രതിമാസ ഓണറേറിയം നൽകിത്തുടങ്ങിയത്. അന്ന് 500 രൂപ ആയിരുന്നു ആശമാരുടെ പ്രതിമാസ ഓണറേറിയം. ഇപ്പോൾ 26125 ആശമാർ 14 ജില്ലകളിലായി പ്രവർത്തിച്ച് വരുന്**നു.** |
| (ബി) | മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ ഇവരുടെ ഓണറേറിയം എത്രയായിരുന്നു ; ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഇപ്പോഴത്തെ ഓണറേറിയം എത്രയാണ്;വ്യക്തമാക്കാമോ ? | (ബി) | മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആശമാരുടെ ഓണറേറിയം 1500/- രൂപ ആയിരുന്നു. പിന്നീട് 2017-18 ൽ ഇത് 2000/- രൂപയായും, 2018-19 ൽ 4000 രൂപയായും, 2019-20 ൽ 4500 രൂപയായും, 2020-21 ൽ 5000 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. നിലവിൽ ആശമാരുടെ പ്രതിമാസ ഓണറേറിയം 6000/- രൂപയാണ്. 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പ്രതിമാസ ഓണറേറിയം 6000/- രൂപയിൽ നിന്ന് 7000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ 09.02.2024 തിയതിയിലെ സ.ഉ.(സാധാ) നം.397/2024/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ